# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**മേയ് 6**

**May 6**

**2019**

***1193 മേടം 22 തിങ്കൾ***

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**സർക്കാർ സ്ഥാപനങ്ങളിൽ**
**10നും 11നും ശുചീകരണ പ്രവർത്തനം**

മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങളുടെയും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെയും ഭാഗമായി ഈമാസം രണ്ടു ദിവസം ജില്ലയിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമെന്ന് ജില്ലാ കളക്ടർ പി.ബി. നൂഹ് അറിയിച്ചു. 10, 11 തീയതികളിലാണ് സർക്കാർ സ്ഥാപനങ്ങളും പരിസരവും ജീവനക്കാരുടെ സഹകരണത്തോടെ വൃത്തിയാക്കുന്നത്. ഇതിന് അതത് ഓഫീസ് മേലധികാരികൾ നടപടി സ്വീകരിക്കണമെന്നും ജില്ലാ കളക്ടർ നിർദേശിച്ചു.

(പിഎൻപി 1083/19)

**വാക്ക് ഇൻ ഇന്റർവ്യൂ**

പട്ടികവർഗ വികസന വകുപ്പിന് കീഴിൽ തിരുവനന്തപുരം നെടുമങ്ങാട് ഐടിഡിപിയുടെ നിയന്ത്രണത്തിൽ പെൺകുട്ടികൾ പഠിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 2019-20 അധ്യയന വർഷത്തിലേക്കായി ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് തസ്തികയിലേക്ക് പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവതികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. കരാർ അടിസ്ഥാനത്തിലാണ് നിയമനം.

വാക്ക് ഇൻ ഇന്റർവ്യു അടിസ്ഥാനത്തിലാണ് നിയമനം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നിവിടങ്ങളിലെ ഉദ്യോഗാർഥികൾക്ക് നെടുമങ്ങാട് ഐടി ഡിപിയിൽ ഈമാസം (മെയ് ) 10ന് ഇന്റർവ്യൂ നടക്കും.

താൽപ്പര്യമുള്ളവർ എഴുതിയ അപേക്ഷ, യോഗ്യതാ സർട്ടിഫിക്കറ്റുകൾ (പകർപ്പുകൾ സഹിതം), രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ്, അഡ്രസ് പ്രൂഫ്, ഫോട്ടോ ഐഡന്റിറ്റി കാർഡ് എന്നിവ സഹിതം വാക്ക് ഇൻ ഇന്റർവ്യൂവിനായി നേരിട്ട് ഹാജരാകണം. വിശദ വിവരങ്ങൾക്ക്: 0472 2812 557 ൽ വിളിക്കുക.

(പിഎൻപി 1084/19)

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് സമ്മർക്യാമ്പ്

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രൊജക്ട് 'ചേഞ്ച് ലീഡേഴ്സ് മീറ്റ് – 2019' എന്ന പേരിൽ ജില്ലാതല സമ്മർ ക്യാമ്പ് സംഘടിപ്പിക്കും. ഇന്ന് (7) മുതൽ 11 വരെ നീണ്ടുനിൽക്കുന്ന ക്യാമ്പ് കടമ്പനാട് കെ.ആർ.കെ.പി.എം.ബി ഹൈസ്കൂളിലും വിവേകാനന്ദ ഗേൾസ് ഹൈസ്കൂളിലുമായാണ് നടക്കുക. ഇന്ന് (7) വൈകിട്ട് 5.30ന് കടമ്പനാട് കെ.ആർ.കെ.പി.എം.ബി ഹൈസ്കൂളിൽ നടക്കുന്ന ചടങ്ങിൽ ജില്ലാ കളക്ടർ പി.ബി. നൂഹ് ക്യാമ്പ് ഉദ്ഘാടനം നിർവഹിക്കും. എസ്.പി.സി. ജില്ലാ നോഡൽ ഓഫീസർ അധ്യക്ഷനായിരിക്കും.

എസ്.പി.സി. കേഡറ്റുകളും അധ്യാപകരും ഉദ്യോഗസ്ഥരുമടക്കം 800 ഓളംമപരാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്. കേഡറ്റുകൾക്കായി കായിക പരിശീലനം, പരേഡ്, ക്ലാസുകൾ, സംവാദം, കലാപരിപാടികൾ എന്നിവ നടക്കും. 11ന് രാവിലെ എട്ടിന് കേഡറ്റുകളുടെ സെറിമോണിയൽ പരേഡ് നടക്കും. ജില്ലാ പോലീസ് മേധാവി ജി. ജയദേവ് സല്യൂട്ട് സ്വീകരിക്കും. തുടർന്ന് നടക്കുന്ന ചടങ്ങിൽ കഴിഞ്ഞവർഷം എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ മൂന്ന് കേഡറ്റുകളെ ആദരിക്കും.

(പിഎൻപി 1085/19)

## കേരള മീഡിയ അക്കാദമി: ഡിപ്ലോമ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള മീഡിയ അക്കാദമിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷന്റെ ജേർണലിസം & കമ്യൂണിക്കേഷൻ, പബ്ലിക് റിലേഷൻസ് & അഡ്വർടൈസിങ്ങ്, ടിവി ജേർണലിസം എന്നീ പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു.

കോഴ്സിന്റെ ദൈർഘ്യം ഒരുവർഷമാണ്. ഏതെങ്കിലും വിഷയത്തിൽ ബിരുദമാണ് അടിസ്ഥാന യോഗ്യത. അവസാനവർഷ ബിരുദ പരീക്ഷയെഴുതിയവർക്കും അപേക്ഷിക്കാം. 31.5.2019ൽ 35 വയസ്സ് കവിയരുത്. പട്ടികജാതി, പട്ടികവർഗ, ഒ.ഇ.സി. വിഭാഗക്കാർക്ക് ഫീസിളവുണ്ട്. അഭിരുചി പരീക്ഷയുടേയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. കോഴിക്കോട്, എറണാകുളം, കൊല്ലം എന്നിവിടങ്ങളിൽ പ്രവേശനപരീക്ഷാ കേന്ദ്രം ഉണ്ടായിരിക്കും.

അപേക്ഷാഫോറവും പ്രോസ്പെക്ടസും മീഡിയ അക്കാദമിയുടെ www.keralamediaacademy.org എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം. അപേക്ഷാഫീസ് 300 രൂപ (പട്ടികജാതി, പട്ടികവർഗ, ഒ.ഇ.സി. വിഭാഗക്കാർക്ക് 150 രൂപ) അപേക്ഷയോടൊപ്പം സെക്രട്ടറി, കേരള മീഡിയ അക്കാദമി എന്ന പേരിൽ എറണാകുളം സർവീസ് ബ്രാഞ്ചിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി നൽകണം. ഫീസ് നൽകാത്ത അപേക്ഷകൾ സ്വീകരിക്കില്ല.

പൂരിപ്പിച്ച അപേക്ഷാഫോറം മെയ് 31ന് വൈകിട്ട് അഞ്ചിനകം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി – 30 എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾ അക്കാദമി ഓഫീസിൽ നിന്ന് ലഭിക്കും. ഫോൺ: 0484 2422275, 0484 2422068. ഇ–മെയിൽ: keralamediaacademy.gov@gmail.com .

(പിഎൻപി 1086/19)

## നേഴ്സസ് വാരാഘോഷത്തിന് ജില്ലയിൽ തുടക്കമായി

ജില്ലയിലെ നഴ്സസ് വാരാഘോഷ പരിപാടികൾ ചുട്ടിപ്പാറ നഴ്സിംഗ് കോളേജിൽ ജില്ലാ കളക്ടർ പി ബി നൂഹ് ഉദ്ഘാടനം ചെയ്തു.ആരോഗ്യ മേഖലയിൽ നഴ്സുമാർ സുസ്ത്യർഹമായ സേവനമാണ് കാഴ്ചവയ്ക്കുന്നതെന്നും ഈ വിഭാഗത്തിന് കൂടുതൽ അംഗീകാരം ലഭിക്കേണ്ടതുണ്ടെന്നും കളക്ടർ പറഞ്ഞു.

ഈമാസം 12 വരെ നടക്കുന്ന നഴ്സസ് വാരാചരണ പരിപാടികളുടെ ഭാഗമായി 10ന് കൊക്കാത്തോട്, കോട്ടം പാറ കാട്ടാത്തി കോളനിയിൽ വിളർച്ചാ രോഗനിർണ്ണയവും, മെഡിക്കൽ ക്യാമ്പ്, കിറ്റ് വിതരണം, ത്വക്ക് രോഗ നിർണയവും സംഘടിപ്പിക്കും. യോഗ, കാൻസർ സ്ക്രീനിംഗ്, ക്വിസ് മത്സരം, കലാമത്സരങ്ങൾ തുടങ്ങിയവയും വാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കും

ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ ഷീജ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡെപ്യൂട്ടി ഡി.എം.ഒ ഡോ. പി.എൻ. പത്മകുമാരി, ജില്ലാ നഴ്സിംഗ് ഓഫീസർ എം.എൻ. രതി, സി.പി.എച്ച്.എൻ രാധാമണി എൻ.കെ, എം.സി.എച്ച് ഓഫീസർ മറിയാമ്മ നൈനാൻ, ഇലന്തൂർ നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ ബീന എം. എ, കോഴഞ്ചേരി ജില്ലാ ആശുപത്രി നഴ്സിംഗ് സൂപ്രണ്ട് സതി മോൾ, സുഷ, ജയ ജസി മാമൻ, ഷീലാ കുമാരി എം.എസ് തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1087/19)

## വാഹന ലേലം

പത്തനംതിട്ട എക്സൈസ് ഡിവിഷന്റെ പരിധിയിൽ വരുന്ന എക്സൈസ് / പോലീസ് സ്റ്റേഷനുകളിലെ അബ്കാരി കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ ഇനം വാഹനങ്ങൾ പത്തനംതിട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ഈമാസം 20 ന് പരസ്യമായി ലേലം ചെയ്ത് വിൽക്കും. ഓരോ ഓട്ടോറിക്ഷയും മാരുതി വാനും, നാല് വീതം സ്കൂട്ടറും ബൈക്കുമാണ് അന്ന് രാവിലെ 11ന് പത്തനംതിട്ട എക്സൈസ് ഡിവിഷൻ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയുന്നത്. ലേല നിബന്ധനകളും വ്യവസ്ഥകളും പത്തനംതിട്ട എക്സൈസ് ഡിവിഷൻ ഓഫീസിൽ നിന്നോ, ജില്ലയിലെ എക്സൈസ് ഓഫീസുകളിൽ നിന്നോ അറിയാം. ലേലത്തിൽ പങ്കുകൊള്ളാൻ ആഗ്രഹിക്കുന്നവർ 5000 രൂപയുടെ നിരതദ്രവ്യം സഹിതം നേരിട്ട് ഹാജരാകണം. വാഹനം സൂക്ഷിച്ചിരിക്കുന്ന ഓഫീസ് അധികാരിയുടെ അനുവാദത്തോടെ വാഹനങ്ങൾ പരിശോധിക്കാം.

(പിഎൻപി 1088/19)

## പമ്പ നദിയിലെ മണൽ: ഇന്ന് അടിയന്തര യോഗം

പമ്പ നദിയിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നത് ചർച്ച ചെയ്യാനായി ദുരന്ത നിവാരണ അതോറിട്ടിയുടെ അടിയന്തര യോഗം ഇന്ന് നടക്കുമെന്ന് അതോറിട്ടി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ പി.ബി. നൂഹ് അറിയിച്ചു. വൈകിട്ട് മൂന്നിന് പത്തനംതിട്ട കളക്ടറേറ്റ്

ലെ ജില്ലാ കളക്ടറുടെ കോൺഫറൻസ് ഹാളിലാണ് യോഗം. ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കണമെന്ന് കളക്ടർ പി.ബി. നൂഹ് നിർദേശിച്ചു.

(പിഎൻപി 1089/19)

**ഫോട്ടോ അടിക്കുറിപ്പ്**

1) ജില്ലാതല നഴ്സസ് വാരാഘോഷം ചുട്ടിപ്പാറ നഴ്സിംഗ് കോളേജിൽ ജില്ലാ കളക്ടർ പി ബി നൂഹ് ഉദ്ഘാടനം ചെയ്യുന്നു




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

| മേയ് 6<br>May 6 | 2019 |
| --- | --- |

1193 മേടം 22 തിങ്കൾ

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**മികവോടെ പത്തനംതിട്ട ഒന്നാംസ്ഥാനത്ത്**

ഇത്തവണത്തെ എസ്എസ്എൽസി പരീക്ഷയുടെ ഫലം പുറത്തുവന്നപ്പോൾ സംസ്ഥാനത്ത് വിജയശതമാനത്തിൽ ഒന്നാം സ്ഥാനത്ത് പത്തനംതിട്ട ജില്ല. 99.34 ശതമാനം എന്ന അഭിമാനകരമായ നേട്ടമാണ് ജില്ല കൈവരിച്ചത്. സംസ്ഥാന ശരാശരിയെക്കാൾ മുകളിലാണിത്.

ജില്ലയിൽനിന്നും ഇത്തവണ 10852 വിദ്യാർഥികളാണ് എസ്എസ്എൽസി പരീക്ഷ എഴുതിയത്. അതിൽ 10780 പേരും വിജയിച്ചു. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടാനായത് 890 കുട്ടികൾക്കാണ്. ഇതിൽ 295 ആൺകുട്ടികളും 595 പെൺകുട്ടികളുമുണ്ട്. ജില്ലയിൽ നിന്നും പരീക്ഷ എഴുതിയ 5638 ആൺകുട്ടികളിൽ 5591 പേരും ഉപരിപഠനത്തിന് അർഹരായി. 5214 പെൺകുട്ടികളാണ് ഇക്കുറി പത്താംക്ലാസ് പരീക്ഷ എഴുതിയത്. അതിൽ 5189 പേരും ഉപരിപഠനത്തിന് യോഗ്യത നേടി.

130 സ്കൂളുകൾ 100 ശതമാനം വിജയം കൈവരിച്ച് ജില്ലയുടെ നേട്ടത്തിൽ പങ്കാളികളായി. ഇതിൽ 42 എണ്ണം സർക്കാർ മേഖലയിലും 81 എണ്ണം എയ്ഡഡ് മേഖലയിലുമാണെന്നത് വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. സർക്കാർ മേഖലയിൽ ആകെയുള്ള 50 സ്കൂളുകളിൽ 42 എണ്ണവും 100 ശതമാനം വിജയം കൊയ്തെടു

ക്കുകയായിരുന്നു. അൺ എയ്ഡഡ് മേഖലയിൽ ഏഴ് സ്കൂളുകളും 100 ശതമാനം വിജയം നേടിയിട്ടുണ്ട്.

(പിഎൻപി 1090/19)

## നന്ദി എല്ലാ ജില്ലക്കാർക്കും: വിദ്യാഭ്യാസ ഉപഡയറക്ടർ

അഭിമാനകരമായ ഈ നേട്ടം സ്വന്തമാക്കുന്നതിന് പത്തനംതിട്ട ജില്ലയ്ക്ക് എല്ലാ ജില്ലക്കാരുടേയും സംഘടനകളുടെയും വിദ്യാഭ്യാസ വകുപ്പിന്റെയും അകമഴിഞ്ഞ പിന്തുണ ലഭിച്ചതായി പത്തനംതിട്ട-തിരുവല്ല വിദ്യാഭ്യാസ ഉപഡയറക്ടർ പി.എ. ശാന്തമ്മ. ഇതിന് എല്ലാവരോടും നന്ദി പറയുന്നു.

പ്രളയത്തിൽ പ്രതിസന്ധി നേരിട്ടപ്പോൾ അതിൽനിന്നും കരകയറാൻ എല്ലാ ഭാഗത്തുനിന്നും നിർലോഭം പിന്തുണകിട്ടി. പത്തനംതിട്ട, തിരുവല്ല വിദ്യാഭ്യാസ ജില്ലകളാണ് പത്തനംതിട്ട ജില്ലയിലുള്ളത്. ഇതിൽ തിരുവല്ല ഭാഗത്താണ് കൂടുതൽ നാശനഷ്ടമുണ്ടായത്. കുട്ടികളുടെ പഠനസമയം മാത്രമല്ല, പഠനോപകരണങ്ങൾ അടക്കമാണ് നഷ്ടമായത്. പ്രളയശേഷം ഇതൊക്കെ തിരിച്ചുപിടിക്കാൻ ഭഗീരഥ പ്രയത്നംതന്നെ വേണ്ടിവന്നു.

മറ്റു ജില്ലക്കാർ, പ്രത്യേകിച്ച് കൊല്ലം ജില്ലക്കാരാണ് കുട്ടികൾക്ക് ആവശ്യമായ നോട്ടുകൾ മുഴുവൻ എഴുതിതന്നത്. സമയത്തിനുതന്നെ പുതിയ പാഠപുസ്തകങ്ങൾ എത്തിക്കാൻ വിദ്യാഭ്യാസ വകുപ്പിനും കഴിഞ്ഞു. യൂണിഫോം അടക്കമുള്ള എല്ലാ കാര്യങ്ങളും പിടിഐ, അധ്യാപകസംഘടനകൾ, സന്നദ്ധസംഘടനകൾ, മറ്റ് സംഘടനകൾ തുടങ്ങിയവർ സ്വരൂപിച്ചു നൽകുകയായിരുന്നു.

നഷ്ടമായ ക്ലാസുകൾക്ക് പകരം സംവിധാനം ഉണ്ടാക്കുകയായിരുന്നു അടുത്ത ലക്ഷ്യം. ജില്ലാതലത്തിൽതന്നെ ഒരു സമിതിയുണ്ടാക്കുകയും സമിതിയുടെ മേൽനോട്ടത്തിൽ രണ്ട് ഉപജില്ലകളിലെയും പ്രവർത്തനം ഏകോപിപ്പിക്കുകയുമായിരുന്നു. ശനിയാഴ്ചകളിലും പൊതു അവധിദിവസങ്ങളിലും ക്ലാസുകൾ എടുക്കുകയായിരുന്നു ഒരു മാർഗം. ഒപ്പം സ്കൂൾ സമയത്തിൽ വർധനവ് വരുത്തുക എന്നതും. രാവിലെ എട്ടിനും 8.30 നുമിടക്കുതന്നെ എല്ലാ സ്കൂളുകളിലും ക്ലാസുകൾ ആരംഭിക്കാനുള്ള സംവിധാനമൊരുക്കി. ഇത് വൈകിട്ട് അഞ്ചുവരെ നീളും. ചില സ്കൂളുകളിൽ ആറുവരേയും. ഇതിനു പുറമേ മിക്ക സ്കൂളുകളിലും രാത്രികാല ക്ലാസുകളും കുട്ടികൾക്ക് നൽകിയിരുന്നു.

ഇതിന്റെ നേട്ടം റിസൽട്ടിൽ കാണാം. ജില്ലയിൽ ആകെയുള്ള 50 സർക്കാർ സ്കൂളുകളിൽ 42 ഉം നൂറ് ശതമാനം വിജയമെന്ന നേട്ടമാണ് സ്വന്തമാക്കിയത്. പ്രതിസന്ധി കാലഘട്ടത്തിലും ഒത്തൊരുമയോടെ പ്രവർത്തിച്ച് സംസ്ഥാനത്തുതന്നെ ഒന്നാം സ്ഥാനത്ത് എത്താൻ പത്തനംതിട്ടയ്ക്ക് കഴിഞ്ഞതിൽ അഭിമാനം തോന്നുന്നുവെന്നും ഉപഡയറക്ടർ പി.എ. ശാന്തമ്മ പറഞ്ഞു.

(പിഎൻപി 1091/19)

## ഗതാഗത നിയന്ത്രണം

മണ്ണാറക്കുളഞ്ഞി - കോഴഞ്ചേരി റോഡിൽ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനാൽ പാമ്പാടിമൺ വൺവേ ട്രാഫിക് റോഡ് വഴിയുള്ള ഗതാഗതം ഇന്നു മുതൽ (7) താത്കാലികമായി നിരോധിച്ചതായി പിഡബ്ല്യുഡി റോഡ് വിഭാഗം അസിസ്റ്റന്റ് അറിയിച്ചു. റാന്നി ഭാഗത്തുനിന്നും വരുന്ന വാഹനങ്ങൾ പൊയ്യാനിൽ ജംഗ്ഷനിലേക്കുള്ള വൺവേ റോഡ് വഴി പോകേണ്ടതാണ്.

(പിഎൻപി 1092/19)

**ഫോട്ടോ അടിക്കുറിപ്പ്**

1) ജില്ലാതല നഴ്സസ് വാരാഘോഷം ചുട്ടിപ്പാറ നഴ്സിംഗ് കോളേജിൽ ജില്ലാ കളക്ടർ പി ബി നൂഹ് ഉദ്ഘാടനം ചെയ്യുന്നു


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**